# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *97 — 02..03..2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ലോ അക്കാദമിയിലും നടന്ന വിദ്യാർത്ഥി പീഡനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. ആന്റണി ജോൺ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും തിരുവനന്തപുരത്തുള്ള ലോ അക്കാദമിയിലും നടന്നതായി പറയപ്പെടുന്ന വിദ്യാർത്ഥി പീഡനത്തിന് അറുതി വരുത്താനായി നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജിൽ നിന്നും ഒഴിവാക്കുക, എ.ഐ.സി.റ്റി.ഇ/ സർവ്വകലാശാല എന്നിവയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അവധി ദിവസങ്ങളിലും ക്ലാസുകൾ നടത്തുക, അനാവശ്യമായ പിഴ ഈടാക്കുക തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ സർക്കാർ തലത്തിലും സർവ്വകലാശാലാ തലത്തിലും വിശദമായി പരിശോധന നടത്തി അവയിൽ ഉചിതമായ നടപടികളും സ്വീകരിച്ചുവരുന്നു. പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്നു എന്ന ആരോപണത്തിന് വിധേയമായ മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ, പരാതി ലഭിച്ച ഉടൻതന്നെ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തുകയും, കോളേജിന്റെ പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് നടക്കുന്നതെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കോളേജിന് തുടർ അഫിലിയേഷൻ നൽകാതിരിക്കാനും, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അവരുടെ താൽപ്പര്യാർത്ഥം മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുന്നതിനുള്ള അവസരം നൽകിക്കൊണ്ടും സാങ്കേതിക സർവ്വകലാശാല തീരുമാനം എടുക്കുകയുണ്ടായി.

കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ ക്ലാസുകൾ നടത്താതെ വിദ്യാർത്ഥികളുടെ പഠനം തടസപ്പെടുത്തുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തുകയും, വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

കൂടാതെ ഇത്തരം പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പാമ്പാടി നെഹ്റു കോളേജിലും, മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലും നടന്ന വിദ്യാർത്ഥി വിരുദ്ധ നടപടികളുടെ ഭാഗമായി ടി കോളേജുകളിൽ അന്വേഷണം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ രണ്ട് സീനിയർ പ്രൊഫസർമാരെ ഉൾപ്പെടുത്തി ഒരു എൻക്വയറി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കേരള ലോ അക്കാദമി ലോ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിക്കപ്പെട്ട സിൻഡിക്കേറ്റ് സബ്കമ്മിറ്റിയുടെ റിപ്പോർട്ടും, ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങളും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. കോഴ്സ് റെഗുലേഷനിലെ ന്യൂനതകൾ, ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ, പരീക്ഷാ ക്രമക്കേടുകൾ തുടങ്ങിയ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉപസമിതികൾ അടിയന്തിര യോഗം ചേരണമെന്നും, ശക്തമായ നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(ബി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കാനായി നിയമിയ്ക്കപ്പെട്ട സമിതി അത്തരം സ്ഥാപനങ്ങളിലെ അദ്ധ്യയന രീതിയെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ 04-02-2017 -ലെ G.O. (MS) No.37/2017/H.Edn. എന്ന ഉത്തരവ് പ്രകാരം ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. നാല് മാസത്തിനകം ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ ടി കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പി.റ്റി.എ. വിദ്യാർത്ഥി സംഘടനകൾ എന്നിവ ഉൾപ്പെടെയുള്ള സാമൂഹ്യ നിയന്ത്രണ സംവിധാനങ്ങൾ കർശനമായി ഏർപ്പെടുത്തുന്നതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) എല്ലാ കോളേജുകളിലും പി.ടി.എ. സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാരിൽ നിന്നും കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക സർവ്വകലാശാല ടി വിവരം നിഷ്ക്കർഷിച്ചുകൊണ്ട് എല്ലാ കോളേജുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*